ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ വിളിച്ച കോൺഫറൻസിൽ ആളുകൾ പറഞ്ഞത് ബഹുമാനപ്പെട്ട ആന്റണി കത്ത് എഴുതിയതിനെപ്പറ്റിയാണ്. എനിക്കിവിടെ പറയാൻ അവസരം കിട്ടണം.

മി.സ്പീക്കർ : ചെയറിനെ രക്ഷിക്കണം. കാരണം ഒരു സബ്മിഷൻ അവതരിപ്പിച്ച് ഈ പ്രശ്നം രണ്ടുപേരുംകൂടെ ചർച്ച ചെയ്ത് പരിഹരിക്കണം.

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ പരിഹരിക്കാൻ പറ്റുന്നതല്ല. കക്ക കിട്ടുന്നില്ല. പുറമെ നിന്നും ഇറക്കുമതി ചെയ്യുന്ന സാധനമാണ്. അത് നിങ്ങൾ ഉണ്ടാക്കിയ നയത്തിന്റെ ഫലമായിട്ടാണ്. ഇതെല്ലാം നിങ്ങൾ ഉണ്ടാക്കിയ വെറുപ്പിന്റെ ഫലമാണ്.

മി. സ്പീക്കർ : തർക്കങ്ങളൊക്കെ ചർച്ച ചെയ്ത് പരിഹരിക്കുക.

ശ്രീ. എ. കെ. ആന്റണി : ഞാൻ പോയി എന്ന് *** മന്ത്രി പറഞ്ഞു. എനിക്ക് വളരെ ബഹുമാനമുള്ള ഒരു മന്ത്രിയാണ്. അതുകൊണ്ട് അത് പിൻവലിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഞാൻ ഇപ്പോൾ പറയുന്നത് എന്റെ കൂടെ ചേർത്തല യിലോ പെരുമ്പടത്തോ വന്ന് പറയാൻ മന്ത്രിക്ക് സാധിക്കുകയില്ല. മന്ത്രി അവിടെ വന്നാൽ ഞാൻ പറഞ്ഞത് പറയേണ്ടി വരും. അതാണ് കാര്യം.

മി. സ്പീക്കർ : മതി. സബ്മിഷൻ ആണ്. ഇതൊക്കെ പരിശോധിച്ച് വേണ്ടത് ചെയ്യാം. പരിശോധിച്ച് അൺപാർലമെന്ററിയായിട്ടുള്ള ഏതെങ്കിലും ഒരു വാക്കുണ്ടെങ്കിൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യാം. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .....

(12) എൻ. ടി. സി. യുടെ ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ അടച്ചു പൂട്ടാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ 28-2-2001-ന് മുമ്പ് നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നും അല്ലെങ്കിൽ മാർച്ച് 30-ന് എൻകയറി നടത്തുമെന്ന് ബി. ഐ. എഫ്. ആർ. നോട്ടീസ് നൽകിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കേരള ലക്ഷ്മി മിൽസ് അളഗപ്പാ ടെക്സ്റ്റൈൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽസ്, പാർവ്വതി മിൽസ്, വിജയമോഹിനി മിൽസ്, മാഹിയിലെ കണ്ണൂർ സ്പിന്നിംഗ് മിൽസ് ഇങ്ങനെ 6 മില്ലുകളിലായി അയ്യായിരത്തിൽപരം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഏരിയാ യൂണിറ്റ് വൈസായിട്ട് നോക്കുകയാണെങ്കിൽ കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മില്ലുകളും താരതമ്യേന ലാഭകരമായി, വയബിളായി നടക്കുകയാണ്. അതിന് ആസ്തിയുമുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ ഇവിടെ നിന്ന് കിട്ടുന്ന ആദായം മറ്റ് പലേടത്തും ഡൈവർട്ട് ചെയ്യുന്നതുകൊണ്ട് നഷ്ടത്തിലാണെന്ന് വരുത്തി അടച്ചുപൂട്ടാനുള്ള ഒരു ശ്രമം നടക്കുകയാണ്. പ്രൈവറ്റൈസേഷന് എതിരായി ശക്തിയായി വാദിക്കുന്ന ഇടതുപക്ഷ

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൽപ്രകാരം നീക്കം ചെയ്തു (ഫ.നം. 417 /EB/01/Leg)

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണി സർക്കാർ അതിന്റെ പ്രതിനിധിയായ വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ഈ സംസ്ഥാനത്തെ 6 മില്ലുകളെ രക്ഷിക്കാനും അത് ഏറ്റെടുക്കാനും അയ്യായിരത്തിൽപരം തൊഴിലാളികളെ രക്ഷിക്കാനുമുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ പ്രശ്നത്തിൽ ഞാൻ ഇടപെട്ടതാണ്. ഈ കാര്യം റിവൈവൽ നടത്തേണ്ടതാണെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ മില്ലുകൾ ഏറ്റെടുത്തു നടത്താൻ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് തന്നെ ഈ മില്ലുകൾ റിവൈവ് ചെയ്യണം, അടച്ചുപൂട്ടാൻ പാടില്ലെന്നു പറഞ്ഞ് പ്രത്യേകം നിവേദനം നൽകിയിട്ടുണ്ട്. ഈ കാര്യത്തിൽ കഴിയുന്ന സമ്മർദ്ദങ്ങൾ എല്ലാം ചെലുത്തിയിട്ടുണ്ട്. ഇനിയും എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യുന്നതാണ്.

(13) അഞ്ചേക്കർ വരെയുള്ള കർഷകർക്ക് ക്ഷേമനിധി നിയമം

ശ്രീ. സി. കെ. രാജേന്ദ്രൻ : കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ ഈ സഭയിൽ നിരവധി തവണ ചർച്ചയ്ക്കു വിധേയമായതാണ്. അതുകൊണ്ട് അത് വിശദീകരിക്കാൻ ഞാൻ പോകുന്നില്ല. രാജ്യത്തെ നാനാഭാഗങ്ങളിലെ കൃഷിക്കാർ ജീവിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്യുമ്പോൾ കേരളത്തിലെ കൃഷിക്കാർ ആത്മഹത്യ ചെയ്യാതിരിക്കുന്നത് കേരളാ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആശ്വാസ നടപടികളുടെ ഭാഗമായിട്ടാണ്. കീടനാശിനികളുടെയും രാസവളങ്ങളുടെയും സബ്സിഡി വർദ്ധിപ്പിക്കുക, ഉൽപ്പാദന ബോണസ് 250 രൂപയിൽ നിന്ന് 350 രൂപയായി വർദ്ധിപ്പിക്കുക, 5 ഏക്കർ വരെയുള്ള കർഷകർക്ക് സൗജന്യമായിട്ട് വൈദ്യുതി, കർഷക രക്ഷാപദ്ധതി, അങ്ങനെ ഒട്ടേറെ പദ്ധതികൾ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി നയവും ആഗോളവൽക്കരണ നയവും കേരളത്തിന്റെ എല്ലാ ആശ്വാസ നടപടികളെയും തകിടം മറിക്കുന്നു. ഈ അവസരത്തിൽ കേരളത്തിലെ കൃഷിക്കാരെ രക്ഷിച്ച് കേരളത്തിന്റെ സമ്പദ്ഘടനയെ രക്ഷിക്കാൻ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 ഏക്കർ വരെയുള്ള കൃഷികാർക്കുള്ള ക്ഷേമനിധി അടിയന്തിരമായി നടപ്പിലാക്കാനുള്ള തീരുമാനമെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കേരളത്തിൽ 5 ഏക്കർ വരെ കൃഷി ഭൂമി കൈവശമുള്ള കൃഷിക്കാർക്ക് (രണ്ടര ഹെക്ടർ) സമൂഹത്തിൽ സ്ഥായിയായ സുരക്ഷ നൽകുന്നതിനുവേണ്ടി ഒരു കർഷക ക്ഷേമനിധിക്ക് രൂപം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിലേക്കായി കൃഷിക്കാരുടെ പ്രതിമാസ വിഹിതം 5 രൂപയാണ്. അങ്ങനെ ഒരു വർഷം 60 രൂപ ഗവൺമെന്റിന്റെ അംശദായം അതിന്റെ 50 ശതമാനം ആണ്. ഒരു വർഷത്തിൽ 30 രൂപ ഗവൺമെന്റിന്റെ വിഹിതം ഇതിലേക്കു പോകും 60 വയസ് കഴിഞ്ഞാൽ ഇവർക്ക് പെൻഷനും കുടുംബപെൻഷനും കൊടുക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly